പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2564 07.10.2016-ലെ മറുപടിക്ക്

# ബയോ ഡീസൽ ഉല്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>" മഞ്ഞളാംകുഴി അലി<br>ഡോ. എം. കെ. മുനീർ<br>ശ്രീ. ടി. വി. ഇബ്രാഹിം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസുകളിൽ ബയോ ഡീസൽ ഉപയോഗിക്കാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ തൊട്ടിൽപാലം ഡിപ്പോയിൽ 09.09.2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസുകൾ ഓടുന്നത്. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ ഡിപ്പോകളിൽ ബയോ ഡീസൽ ഉപയോഗിച്ച് ബസുകൾ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ബയോ ഡീസൽ ഉപയോഗിക്കുന്നതുകൊണ്ട് കൈവരിക്കാനാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) | ഡീസലിനെ അപേക്ഷിച്ച് അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സൽഫറിന്റെ അളവ് ബയോ ഡീസലിൽ കുറവാണ്. |
| (സി) | ഇതിനാവശ്യമായ ബയോ ഡീസൽ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി കൂടി നടപ്പാക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ